## വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: അനുപമ റ്റി വി, ഐ എ എസ്)

ഉത്തരവ് നമ്പർ ICDS /A6/10342/2019 തിരുവനന്തപുരം തീയതി 29/03/2021

വിഷയം: വനിതാ ശിശു വികസന വകുപ്പ് - പിഎംഎംവിവൈ പദ്ധതി - കണ്ണൂർ ജില്ലയിലെ 6 ICDS പ്രൊജെക്ടുകളിലെ അങ്കണവാടി ജീവനക്കാർക്ക് ഇൻസെന്റീവ് - തുക അനുവദിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: (1) G.O. (RT) No. 489/2020/SJD തീയതി 20/09/2019
(2) ഈ കാര്യാലയത്തിലെ കത്ത് നം. ICDS/A6/10342/2019 (PMMVY) തീയതി 12/11/2020
(3) ഉത്തരവ് നമ്പർ ICDS/A6/10342/2019 തീയതി 23/01/2021
(4) കണ്ണൂർ ജില്ലാ പ്രോഗ്രാം ഓഫീസറുടെ 22/12/2020 ലെ പിഒ/കെഎൻആർ/എ – 1620/2020 നമ്പർ കത്തും ഫണ്ട് റിക്വിസിഷനും
(5) കണ്ണൂർ ജില്ലാ പ്രോഗ്രാം ഓഫീസറുടെ 27/01/2021 ലെ പിഒ/കെഎൻആർ/എ – 1620/2020 നമ്പർ കത്തും ഫണ്ട് റിക്വിസിഷനും
(6) ഉത്തരവ് നമ്പർ ICDS/A6/10342/2019 തീയതി 04/02/2021
(7) കണ്ണൂർ ജില്ലാ പ്രോഗ്രാം ഓഫീസറുടെ 09/02/2021 ലെ പിഒ/കെഎൻആർ/എ – 1620/2020 നമ്പർ കത്തും ഫണ്ട് റിക്വിസിഷനും

പിഎംഎംവിവൈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനു, മുഴുവൻ ആനുകൂല്യവും (3 ഗഡു) ലഭ്യമായ ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഇൻസെന്റീവ് അങ്കണവാടി വർക്കർക്ക് 50/- രൂപയും അങ്കണവാടി ഹെൽപ്പർക്ക് 25/- രൂപയും നൽകുന്നതിനു, പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ തുക പിഎംഎംവിവൈ പദ്ധതിക്കായുള്ള ഫ്ലക്സി ഫണ്ടിൽ നിന്ന് അനുവദിക്കാവുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം മൂന്നു ഗഡു ആനുകൂല്യവും ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കി 2019-20 സാമ്പത്തിക വർഷത്തിൽ അവശേഷിക്കുന്ന തുകയും, നടപ്പു സാമ്പത്തിക വർഷത്തിൽ 31/08/2020 വരെ അനുവദിക്കേണ്ട തുകയും കണക്കാക്കി ഓരോ ഐസിഡിഎസ് ലെയും അങ്കണവാടി ജീവനക്കാർക്കു ലഭിക്കേണ്ട ഇൻസെന്റീവ് തുകയുടെ കണക്കു ശേഖരിച്ച് ഈ കാര്യാലയത്തിലേക്കു ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിയിരുന്നു.

പരാമർശം (3) പ്രകാരം എറണാകുളം ജില്ലാ ഒഴികെ എല്ലാ ജില്ലകൾക്കുമായി 72,14,780 രൂപ (എഴുപത്തി രണ്ടു ലക്ഷത്തി പതിനാലായിരത്തി എഴുനൂറ്റി എൺപതു രൂപ മാത്രം) അനുവദിച്ചിരുന്നു. എന്നാൽ പരാമർശം (4) പ്രകാരം കണ്ണൂർ ജില്ലാ പ്രോഗ്രാം ഓഫീസർ ആവശ്യപ്പെട്ടിരുന്നത് 2020-21 സാമ്പത്തിക വർഷത്തിലേക്കു ആവശ്യമായിട്ടുള്ള തുക മാത്രമായിരുന്നു. ടി തുക പരാമർശം (3) പ്രകാരവും അനുവദിച്ചിരുന്നു.

പരാമർശം (5) പ്രകാരം കണ്ണൂർ ജില്ലാ പ്രോഗ്രാം ഓഫീസർ 2019-20 സാമ്പത്തിക വർഷത്തിൽ കുടിശ്ശികയായുള്ള തുക ആവശ്യപ്പെടുകയുണ്ടായി. ടി തുക പരാമർശം (6) പ്രകാരം അനുവദിച്ചിരുന്നു. എന്നാൽ കണ്ണൂർ പ്രോഗ്രാം ഓഫീസർ ആകെയുള്ള 21 ICDS കളിൽ 14 ഐസിഡിഎസ് പ്രോജെക്റ്റുകളുടെ ഫണ്ട് അലോട്ട്മെന്റ് റിക്വിസിഷൻ മാത്രമായിരുന്നു.

പരാമർശം (7) പ്രകാരം കണ്ണൂർ ജില്ലാ പ്രോഗ്രാം ഓഫീസർ 2019-20 സാമ്പത്തിക വർഷത്തിൽ കുടിശ്ശികയായുള്ള ഐസിഡിഎസ് പ്രോജെക്റ്റുകളുടെ തുക വീണ്ടും ആവശ്യപ്പെടുകയുണ്ടായി. ആയത് പരിശോധിച്ചതിൽ വർക്കർ/ഹെൽപ്പർ ഇൻസെന്റീവ് ഇനത്തിൽ കണ്ണൂർ പ്രോഗ്രാം ഓഫീസിനു കീഴിലുള്ള 6 ICDS പ്രൊജെക്ടുകളിൽ നിന്ന് ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അങ്കണവാടി വർക്കർക്ക് 73,700 രൂപയും അങ്കണവാടി ഹെൽപ്പർക്ക് 36,850 രൂപയും ചേർത്ത് ആകെ 1,10,550 രൂപ ഇൻസെന്റീവ് ഇനത്തിൽ 31/08/2020 വരെ കണ്ണൂർ ജില്ലക്ക് അനുവദിക്കുവാൻ ജില്ലാ പ്രോഗ്രാം ഓഫീസർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ഈ തുക ചുവടെ പറയുന്ന ഐസിഡിഎസ് പ്രോജെക്റ്റ് ശിശു വികസന പദ്ധതി ഓഫീസർമാർക്ക് വിതരണം ചെയ്യുന്നതിന് കണ്ണൂർ ജില്ലാ വനിതാ ശിശു വികസന പദ്ധതി ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

**പി എം എം വി വൈ വർക്കർ & ഹെൽപ്പർ ഇൻസെന്റീവ്**

| ക്രമ നം. | ജില്ലാ | പ്രൊജക്റ്റ് | മുഴുവൻ ആനുകൂല്യവും ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | അങ്കണവാടി വർക്കർമാർക്ക് ലഭിക്കേണ്ട തുക (@50 രൂപ) | അങ്കണവാടി ഹെൽപ്പർക്ക് ലഭിക്കേണ്ട തുക (@25 രൂപ) | ആകെ |
|---|---|---|---|---|---|---|
| 1. | | ICDS പ്രോജക്റ്റ് ഇരിട്ടി അഡിഷണൽ | 232 | 11600 | 5800 | 17400 |
| 2. | | ICDS പ്രോജക്റ്റ് കൂത്തുപറമ്പ് | 219 | 10950 | 5475 | 16425 |
| 3. | | ICDS പ്രോജക്റ്റ് പാനൂർ | 506 | 25300 | 12650 | 37950 |
| 4. | | ICDS പ്രോജക്റ്റ് പേരാവൂർ | 189 | 9450 | 4725 | 14175 |
| 5. | | ICDS പ്രോജക്റ്റ് തളിപ്പറമ്പ് | 307 | 15350 | 7675 | 23025 |
| 6. | | ICDS പ്രോജക്റ്റ് തളിപ്പറമ്പ അഡിഷണൽ 1 | 21 | 1050 | 525 | 1575 |
| **ആകെ** | | | **1474** | **73,700** | **36,850** | **1,10,550** |
| **അനുവദിക്കുന്ന തുക** | | | | | | **1,10,550** |

**(ഒരു ലക്ഷത്തി പതിനായിരത്തി അഞ്ഞൂറ്റി അമ്പതു രൂപ രൂപ മാത്രം)**

കണ്ണൂർ ജില്ല വനിതാ ശിശു വികസന ഓഫീസർ ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക് ഈ ഉത്തരവിൻ പ്രകാരമുള്ള തുക BIMS മുഖാന്തരം അനുവദിച്ച് നൽകേണ്ടതാണ്.

ശിശു വികസന പദ്ധതി ഓഫീസർമാർ, അനുവദിക്കുന്ന തുക മൂന്ന് ഗഡു ആനുകൂല്യവും ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വർക്കർ, ഹെൽപ്പർ എന്നിവർക്ക് തുക അനുവദിച്ച് നൽകേണ്ടതും ധനവിനിയോഗ സാക്ഷ്യപത്രം പ്രോഗ്രാം ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട ജില്ലാ പ്രോഗ്രാം ഓഫീസർ ആയത് ക്രോഡീകരിച്ച് ഈ കാര്യാലയത്തിൽ ലഭ്യമാകേണ്ടതാണ്. മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഇൻസെന്റീവ് അനുവദിച്ചതായി ഭാവിൽ കണ്ടെത്തുന്ന പക്ഷം അത് ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാരുടെ ബാധ്യതയായി നിശ്ചയിക്കുന്നതായിരിക്കും. തുക നടപ്പ് സാമ്പത്തിക വർഷം തന്നെ വിതരണം ചെയ്യേണ്ടതാണ്.

ഇതിലേക്കാവശ്യമായ **1,10,550/- രൂപ** നടപ്പ് സാമ്പത്തിക വർഷത്തിൽ 2235-02-103-56 (P) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)/-**

**വനിത ശിശു വികസന ഡയറക്ടർ**

ജില്ല വനിത ശിശു വികസന ഓഫീസർ കണ്ണൂർ
ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്കും
**പകർപ്പ്:**

1. കണ്ണൂർ പ്രോഗ്രാം ഓഫീസർക്ക്
2. സൂപ്രണ്ട് അക്കൗണ്ട് സെക്ഷൻ (ഫണ്ട് അനുവദിക്കുന്നതിന്)
3. സ്റ്റേറ്റ് നോഡൽ ഓഫീസർ (പിഎംഎംവിവൈ)
4. കരുതൽ ഫയൽ/സ്പെയർ

**ഉത്തരവിൻ പ്രകാരം**

സ്റ്റേറ്റ് നോഡൽ ഓഫീസർ

**SOPHY JACOB**
PEN 457974
**Assistant Director**
**Women and Child Development Department**
**Thiruvananthapuram - 695 012**